**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1887** **09-12-2022 - ൽ മറുപടിയ്ക്ക്**

**ഫലവൃക്ഷ കൃഷി പ്രോത്സാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഫലവൃക്ഷ കൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി വീട്ടുകളിൽ നേരിട്ട് വിവിധയിനം ഫലവൃക്ഷ തൈകൾ വിതരണം ചെയ്യുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ഫലവൃക്ഷ കൃഷി പ്രോത്സാഹനത്തിന്റെ ഫലവൃക്ഷ തൈകൾ വിതരണം ചെയ്യുന്നതിനായി കാർഷിക വികസന കർഷക്ഷേമ വകുപ്പ് ഡെവലപ്പ്മെന്റ് ഓഫ് ഫ്രൂട്ട്സ് ഫ്ലവേസ് ആന്റ് മെഡിസിനൽ പ്ലാൻസ് 2022-23 എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ ഒരു പ്രധാനഘടകമാണ് "ഒരു കോടി ഫലവൃക്ഷതൈകൾ വിതരണം".<br><br>"ഒരു കോടി ഫലവൃക്ഷതൈകൾ വിതരണം" പദ്ധതി ഘടകത്തിലൂടെ സംസ്ഥാനത്തിന്റെ തനത് ഫലവൃക്ഷങ്ങളും വിദേശത്ത് നിന്ന് കൊണ്ടു വന്ന് നട്ടുപിടിപ്പിച്ച് വിളയിക്കാൻ കഴിയുന്നതുമായ ഫലവർഗ്ഗങ്ങൾ വീട്ടുവളപ്പിലും, പൊതുസ്ഥലങ്ങളിലും നട്ടുപിടിപ്പിച്ച് വിഷരഹിത ഫലവർഗ്ഗങ്ങൾ ഉല്പാദിപ്പിക്കുന്നതിന് പദ്ധതിയിലൂടെ സാധ്യമാകുന്നു. ഇതിലൂടെ പുതിയ വിദേശ ഇനങ്ങൾ നമ്മുടെ കർഷകർക്ക് പരിചയപ്പെടുത്തുവാൻ സാധിക്കുന്നു. പദ്ധതി പ്രകാരം നടീൽ വസ്തുക്കളായ, ഗ്രാഫ്റ്റ്/ ലെയർ/ ടിഷ്യൂകൾച്ചർ വാഴ, വാഴക്കന്ന്, തൈകൾ എന്നിവ സംസ്ഥാന കൃഷി വകുപ്പ് ഫാമുകൾ, വി.എഫ്.പി.സി.കെ, കാർഷിക സർവ്വകലാശാല, കാർഷിക കർമ്മ സേന/അഗ്രോസർവ്വീസ് സെന്റർ, കുടുംബശ്രീ എന്നീ വകുപ്പ്/ഏജൻസികൾ മുഖേനയാണ് ഉല്പാദിപ്പിക്കുന്നത്. പദ്ധതിയിലൂടെ ഗ്രാഫ്റ്റ്, ലെയർ, ടിഷ്യൂക്കൾച്ചർ തൈകൾ 75% സബ്സിഡിയോട് കൂടിയും, ഫലവൃക്ഷ തൈകളും, വാഴക്കന്നും പൂർണ്ണമായും സൗജന്യമായുമാണ് വിതരണം ചെയ്യുന്നത്.<br><br>ഫലവൃക്ഷ ഇനങ്ങളുടെ ഒരു കോടി തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിനും, പൊതു സ്ഥലങ്ങളിൽ വച്ച് പിടിപ്പിക്കുന്നതിനും ഫ്രൂട്ട് ഗാർഡനുകൾ ഉണ്ടാക്കുന്നതിനും പദ്ധതി ഉന്നൽ |

| | | | |
|---|---|---|---|
| | | | നൽകുന്നു. വിഷരഹിത ഫലവർഗ്ഗങ്ങൾ സംസ്ഥാനത്തെ വീട്ടുവളപ്പുകളിൽ തന്നെ ഉല്പാദിപ്പിക്കുന്നതിനും, വിപണനം നടത്തുന്നതിനും അതിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.<br><br>ഒരു കോടി ഫലവൃക്ഷതൈകൾ വിതരണം പദ്ധതി പ്രകാരം നാളിതുവരെ ആകെ 48,64,165 എണ്ണം ഫലവൃക്ഷ തൈകൾ സംസ്ഥാനത്തൊട്ടാകെ വിതരണം ചെയ്തു. ഇതിൽ 53,09,37 എണ്ണം ഗ്രാഫ്റ്റുകളും, 32,70,31 എണ്ണം ലെയറുകളും, 76,40,98 എണ്ണം ടിഷ്യുകൾച്ചർ വാഴതൈകളും, 14,39,352 എണ്ണം വാഴക്കന്നുകളും, 18,02,747 എണ്ണം മറ്റ് ഫലവൃക്ഷ ഇനങ്ങളും ഉൾപ്പെടുന്നു. ഫലവൃക്ഷതൈകൾ നേരിട്ട് വീട്ടുകളിലേക്ക് എത്തിക്കുന്നില്ല. കൃഷി ഭവനുകളിൽ നിന്നും ആവശ്യാനുസരണം കർഷകർക്ക് വാങ്ങാവുന്നതാണ്. |
| (ബി) | ഫലവൃക്ഷ കൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി എന്തെല്ലാമിനം ഫലവൃക്ഷ തൈകളാണ് വിതരണം ചെയ്യുന്നത്; വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തിന്റെ തനത് ഫലവൃക്ഷങ്ങളും വിദേശത്തുനിന്ന് കൊണ്ടുവന്ന് നട്ടുപിടിപ്പിച്ച് വിളയിക്കാൻ കഴിയുന്ന ഫലവർഗ്ഗങ്ങളുമുൾപ്പെടെ പ്ലാവ്, മാവ്, മാതളം, ചാമ്പ ഇനങ്ങൾ, സപ്പോട്ട, ഓറഞ്ച്, പേരക്ക, നാരക ഇനങ്ങൾ, മുരിങ്ങ, കറിവേപ്പ്, കുടംപുളി, പപ്പായ, കടച്ചക്ക (ബ്രഡ്ഫ്രൂട്ട്), വാഴ ഇനങ്ങൾ, ടിഷ്യുകൾച്ചർ വാഴ ഇനങ്ങൾ, മുള്ളാത്ത, നെല്ലി, വുഡ്ആപ്പിൾ, ഇലുമ്പൻപുളി, സീതപ്പഴം (അനോന),കസ്റ്റേഡ്ആപ്പിൾ (ആത്ത), ലവിലവി, എഗ്ഗ്ഫ്രൂട്ട് (മുട്ടപ്പഴം), ജാമുൻ (ഞാവൽ) കാരംബോള (സ്റ്റാർഫ്രൂട്ട്), പാഷൻ ഫ്രൂട്ട്, വെസ്റ്റ് ഇന്ത്യൻ ചെറി, ഫുലാസാൻ, ഡൂറിയാൻ, ബറാബ, പീനട്ട് ബട്ടർ, അവക്കാഡോ, റമ്പൂട്ടാൻ, മാഗോസ്റ്റീൻ, ഡ്രാഗൺഫ്രൂട്ട്, ലിച്ചി, മിൽക്ക് ഫ്രൂട്ട് (സ്റ്റാർആപ്പിൾ), മിറക്കിൾ ഫ്രൂട്ട്, തുടങ്ങിയ ഇനങ്ങളാണ് പദ്ധതിയിലൂടെ വിതരണം ചെയ്യുന്നത്. |
| (സി) | ഫലവൃക്ഷ തൈകൾ വീട്ടുകളിൽ നേരിട്ട് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | “ഒരു കോടി ഫലവൃക്ഷതൈകൾ വിതരണം” പദ്ധതി പ്രകാരം കൃഷി ഭവനുകളിൽ ഗ്രാഫ്റ്റ്, ലെയർ, ടിഷ്യുകൾച്ചർ വാഴ, വാഴക്കന്ന്, വിവിധ ഇനം ഫലവൃക്ഷ തൈകൾ എത്തിക്കുന്നു. കൃഷി ഭവനുകളിൽ നിന്നും കർഷകരുടെ അഭിരുചിക്കനുസരിച്ച് തൈകൾ വാങ്ങി തങ്ങളുടെ വീട്ടുവളപ്പുകളിൽ കൃഷി ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ